മലയാളത്തിലെ ആദ്യ ആർക്കിടെക്ചർ മാഗസിൻ

# ഡിസൈനർ + ബിൽഡർ

# Designer + Builder

2016 May | Vol. 13 | Issue 132 | Price ₹60/- AED 15 US$5



## കേരളത്തിലെ മികച്ച മൂന്നു വീടുകൾ

**12 വീടുകൾ**

**ശ്വസിക്കുന്ന വീട്**
**കമാന വീട്**
ആർക്കിടെക്റ്റ് ലിജോ ജോസ് &
ആർക്കിടെക്റ്റ് റെനി ലിജോ

**ബഹിർമുഖ പ്രകൃതിയുമായി ഒരു വീട്**
ആർക്കിടെക്റ്റ് വിനോദ് പി സിറിയക്

ഡ്രീംഹോം
**അച്ഛനമ്മമാർക്കൊരു ന്യൂജൻ വീട്**
ആർക്കിടെക്റ്റ് അനൂപ് ചന്ദ്രൻ &
ആർക്കിടെക്റ്റ് മനീഷ അനൂപ്


ബഡ്ജറ്റ് ഹോം: **18 ലക്ഷം**

സ്പെഷ്യൽ ഫോക്കസ്: എക്സ്റ്റീരിയർ ഡിസൈൻ

# അച്ഛനമ്മമാർക്കൊരു ന്യൂജൻ വീട്

അഞ്ജലി എസ്. പണിക്കർ

തൃശൂർ ജില്ലയിലെ നാട്ടികയിൽ ദേശീയ പാതക്കരികിലായി സ്ഥിതിചെയ്യുന്ന ഈ വീടിന് രണ്ട് ഗേറ്റും ഡബിൾ പാർക്കിങ് സൗകര്യത്തോടെയുള്ള താത്കാലിക പോർച്ചുമാണുള്ളത്. പുറംകാഴ്ചകളെ അകത്തേക്ക് ക്ഷണിക്കും വിധം പൊക്കം കുറഞ്ഞ അഴികൾ പാകിയ ചുറ്റുമതിലാണ് ഈ ഗൃഹത്തിന്റേത്





ആർക്കിടെക്റ്റ് അനൂപ് ചന്ദ്രൻ & ആർക്കിടെക്റ്റ് മനീഷ അനൂപ്







ഏറെക്കാലമായി വിദേശവാസിയായ രൂപേഷ് അശോകൻ നാട്ടിലുള്ള തന്റെ മാതാപിക്കൾക്കു വേണ്ടിയാണ് തികച്ചും നൂതന ശൈലിയിൽ ഒരു ഇരുനില വീട് പണിതീർത്തു നൽകിയത്. ഈ വീട്ടിലെ താമസക്കാർ- രൂപേഷിന്റെ മാതാപിതാക്കൾ പുതുതലമുറക്കാരെ പോലെ തന്നെ പുരോഗമന ചിന്താഗതിക്കാരാണ് എന്ന് രൂപേഷ് ആർക്കിടെക്റ്റിനോടു പറഞ്ഞതിനാൽ കന്റംപ്രറി ശൈലിയിൽ ഗ്ലാസ്സുകൾ സമൃദ്ധമായി ഉപയോഗിച്ച് പർഗോള ഡിസൈനിനെയും മറ്റും കൂട്ടുപിടിച്ച്, അധികം പാർട്ടീഷനുകളില്ലാതെ, വെള്ളനിറത്തിലാണ് ആർക്കിടെക്റ്റുമാരായ അനൂപ് ചന്ദ്രനും മനീഷ അനൂപും (അമാക് ആർക്കിടെക്റ്റ്സ്, തൃപ്രയാർ) ഈ വീട് ഡിസൈൻ ചെയ്തിരിക്കുന്നത്. പൂമുഖവാതിൽ





\>
ഡബിൾഹൈറ്റിൽ
ബ്ലാക്ക് ആന്റ് വൈറ്റ്
തീമിൽ ഒരുക്കിയ
ലിവിങ് ഏരിയ

തുറക്കുമ്പോഴേ പിറകുവശത്തെ കോമ്പൗണ്ട് വാളിലേക്ക് വരെ നോട്ടമെത്തുന്ന വിധത്തിലാണ് ഈ ഗൃഹം രൂപകല്പന ചെയ്തത്. കോമ്പൗണ്ടിലെ റെയർ ഗാർഡനിലേക്ക് നൽകിയിട്ടുള്ള ഗ്ലാസ് ഡോറും കന്റംപ്രറി ശൈലിയോട് ചേർന്നു നിൽക്കുന്നു. വീട്ടുകാരുടെ ആഗ്രഹപ്രകാരം വലിയ ജനാലകളും നല്ല വെന്റിലേഷനും നൽകിയിട്ടുള്ള ഈ വീട്ടിലെ ഓരോ ഇടവും പ്രകാശമാനമായതിനാൽ പകൽ സമയത്ത് ഒരു ലൈറ്റ് പോലും തെളിക്കേണ്ടി വരുന്നില്ല. സുരക്ഷിതത്വം മുൻനിർത്തിയാണ്, ആർക്കിടെക്റ്റുകളുടെ നിർദേശപ്രകാരം യുപിവിസി ഡോർ ഫ്രെയിമോടു കൂടിയ ജനാലകൾക്ക് ഗ്രില്ലിട്ടത്. ഇവയിൽ കർട്ടനുകൾക്ക് പകരം സീബ്രാ ബ്ലൈൻഡാണ് ഉപയോഗിച്ചിരിക്കുന്നത്.

## പച്ചപ്പിന് പ്രാധാന്യം

തൃശൂർ ജില്ലയിലെ നാട്ടികയിൽ ദേശീയ പാതക്കരികിലായി സ്ഥിതിചെയ്യുന്ന ഈ വീടിന് രണ്ട് ഗേറ്റും ഡബിൾ പാർക്കിങ് സൗകര്യത്തോടെയുള്ള താത്കാലിക പോർച്ചുമാണുള്ളത്.

കാർപോർച്ച് അലുമിനിയം കോമ്പോസിറ്റ് പാനൽ വച്ച് കവർ ചെയ്ത് ഫാൾസ് സീലിങ് ചെയ്തതിനാൽ പുറമെ നിന്ന് നോക്കിയാൽ ട്രസ്സ് ആണെന്നു തോന്നില്ല. പുറംകാഴ്ചകളെ അകത്തേക്ക് ക്ഷണിക്കും വിധം പൊക്കം കുറഞ്ഞ അഴികൾ പാകിയ ചുറ്റുമതിലാണ് ഈ ഗൃഹത്തിന്റേത്. പതിമൂന്ന് സെന്റ് വിസ്തീർണ്ണമുള്ള ഈ പ്ലോട്ടിൽ ലാൻഡ്സ്കേപ്പിങ്ങിന് വളരെ പ്രാധാന്യമുണ്ട്. വീടിന്റെ മൂന്നു വശത്തും ചെടികൾ നട്ട്, പുൽത്തകിടി ഒരുക്കി, പേവ്ഡ് ടൈലുകൾ പാകി അലങ്കരിച്ചിട്ടുണ്ട്. റെയർ ഗാർഡനിൽ മുകൾവശത്ത് അഴികൾ നൽകി ഭാവിയിൽ വള്ളിച്ചെടികൾ പടർത്തി 'ഗ്രീൻ ഹൗസ്' മാതൃകയിലാക്കാനുള്ള സൗകര്യവും ചെയ്തിട്ടുണ്ട്.




ലിവിങ് ഡൈനിങ് ഏരിയകളെ വേർതിരിക്കുന്ന വുഡൻ ഗ്ലാസ് സ്റ്റെയർകേസ്



പുറംകാഴ്ചകളെ അകത്തേക്ക് ക്ഷണിക്കുന്ന ഡോർ കം വിൻഡോയാണ് ഡൈനിങ് സ്പേസിൽ







രൂപേഷ് അശോകനും കുടുംബവും

^

സ്റ്റെയർലാൻഡിങ് ഏരിയയിലെ അപ്പർലിവിങ്. ഭാവിയിൽ ഹോംതീയേറ്ററാക്കത്തക്കവിധമാണ് ഇവിടുത്തെ ഒരുക്കങ്ങൾ

സ്റ്റോറേജ് സൗകര്യമുള്ള കട്ടിലുകളാണ് കിടപ്പുമുറികളിൽ. ബ്ലൈന്റുകളാണ് കർട്ടനുകൾക്ക് പകരം ഉപയോഗിച്ചിരിക്കുന്നത്

v





ഈ ഗേഹത്തിന്റെ പ്രവേശന കവാടത്തിനരികിൽ സ്ഥിതിചെയ്യുന്ന പത്മാസനസ്ഥനായ ശ്രീബുദ്ധന്റെ പ്രതിമ ആകർഷകമാണ്. പൂമുഖവാതിൽ തുറന്നാൽ ദൃഷ്ടിയിൽ പതിയും വിധത്തിലാണ് പ്രതിമയുടെ സ്ഥാനം.

## ചതുരത്തിന്റെ ചാരുതയിൽ

ഈ വീടിന്റെ വിശാലമായ പൂമുഖത്ത്, അലങ്കാരത്തിനായി കരിങ്കല്ലിന്റെ ടെക്സ്ചർ പെയിന്റ് ചെയ്ത രണ്ടു തൂണുകൾ മാത്രമാണുള്ളത്. ഇവിടെ സീലിങ്ങിന്റെ ഉയരം കുറച്ച് വെന്റിലേഷൻ നൽകിയിരിക്കുന്നതും ചൂട് കുറയ്ക്കാൻ സഹായകരമാണ്. വാസ്തുശാസ്ത്ര പ്രകാരം രൂപകൽപന ചെയ്ത് മിനിമലിസ്റ്റിക് രീതിയിൽ അലങ്കരിച്ചിട്ടുള്ള ഇന്റീരിയറിലെ ഓരോ ഏരിയയും പരസ്പരബന്ധിതമാണ്. ഒരു ഹാളിന്റെ ഇരുവശത്തുമായി സ്ഥിതി ചെയ്യുന്ന ലിവിങ് ഏരിയയേയും, ഡൈനിങ് സ്പേസിനേയും സാങ്കല്പികമായി വേർതിരിക്കുന്നത് സ്റ്റെയർകേസാണ്. ചുമരുകൾക്ക് വെള്ളനിറവും, ഫ്ളോറിങ്ങിന് ഐവറി വൈറ്റ് വിട്രിഫൈഡ് ടൈലുകളുമാണ് പ്രധാനമായും ഉപയോഗിച്ചിരിക്കുന്നത്. ബ്ലാക്ക് & വൈറ്റ് തീമിൽ ഡബിൾ ഹൈറ്റിലൊരുക്കിയിരിക്കുന്ന ലിവിങ് ഏരിയ ആകർഷകമാണ്. ചതുരാകൃതിയിലുള്ള ഫർണിച്ചറിന്റെ സാന്നിദ്ധ്യം ഇവിടെ നിന്ന് തുടങ്ങുന്നു. സാധാരണയിൽ നിന്നു വ്യത്യസ്തമായി 8 അടിയിൽ, സമചതുരാകൃതിയിലുള്ള വലിയ ടേബിളും അതിനൊത്ത കസേരകളുമാണ് ഡൈനിങ് സ്പേസിലുള്ളത്. ഇതിന്റെ ഒരു വശത്തായാണ് പൂജാമുറി.



ക്ലയന്റ്: കെ.ജി. രാമചന്ദ്രൻ

ഡിസൈൻ: ആർക്കിടെക്റ്റ് അനൂപ് ചന്ദ്രൻ, ആർക്കിടെക്റ്റ് മനീഷ അനൂപ്
(അമാക് ആർക്കിടെക്റ്റ്സ്, തൃശൂർ)

പ്രത്യേകതകൾ: വളരെ സാധാരണമട്ടിൽ ഒരുക്കിയിട്ടുള്ള അടുക്കളയുടെ കൗണ്ടർ ടോപ്പ് ഗ്രനൈറ്റിലാണ്. കബോഡുകൾ ഫെറോ സിമന്റ് ബോർഡുകളും എംഡിഎഫും ഉപയോഗിച്ചാണ് തയ്യാറാക്കിയിരിക്കുന്നത്. കബോഡുകൾക്ക് ബ്രൗൺ നിറം നൽകിയിരിക്കുന്നു. 'L' ഷേപ്പിലൊരുക്കിയ കിച്ചനിൽ അവശ്യസൗകര്യങ്ങളെല്ലാം ഉൾച്ചേർത്തിരിക്കുന്നു.

ഡിസൈൻ 67